A

**16120** **120 MINUTES**

1. മുരളീരാഗമധുര–
മുഖനാമൊരു യാത്രികൻ
വരും വിളിക്കും ഞാൻ പോകും
വാതിൽ പൂട്ടാതെയക്ഷമം ആരുടെ വരികളാണ്?
   - A) ഇടശ്ശേരി
   - B) വൈലോപ്പിള്ളി
   - C) ബാലാമണിയമ്മ
   - D) ജി.ശങ്കരക്കുറുപ്പ്

2. ''ഫൂൽമോനിയെന്നും കോരുണയെന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ'' വിവർത്തനം ചെയ്തത്?
   - A) ഹെർമ്മൻ ഗുണ്ടർട്ട്
   - B) സ്കറിയ സക്കറിയ
   - C) റവ.ജോസഫ് പിറ്റ്
   - D) റവ.ജോർജ് മാത്തൻ

3. ''നിങ്ങ ആണുങ്ങക്കുമാത്രം മതിയോ യോഗം? ഞങ്ങ പെണ്ണുങ്ങളും യോഗമൊണ്ടാക്കും. ഞങ്ങാക്കും കാര്യമുണ്ട്''. തകഴിയുടെ ഏതു നോവലിലെ പരാമർശമാണിത്?
   - A) തോട്ടിയുടെ മകൻ
   - B) ചെമ്മീൻ
   - C) പതിതപങ്കജം
   - D) രണ്ടിടങ്ങഴി

4. എ. അയ്യപ്പന്റെ കവിതാസമാഹാരമേത്?
   - A) കവിബുദ്ധൻ
   - B) ഡ്രാക്കുള
   - C) കണ്ണ്
   - D) മണലെഴുത്ത്

5. 'ഉത്തുംഗരാഗരുചി ചിത്താധിനാഥഗിരിമിത്ഥം നിശമ്യനൃപകന്യ' എന്നാരംഭിക്കുന്ന ദണ്ഡകം ഏതു കാവ്യത്തിലേത്?
   - A) നൈഷധം ചമ്പു
   - B) രാമായണം ചമ്പു
   - C) കീചകവധം
   - D) ശിവരാത്രിമാഹാത്മ്യം

6. 'ആത്യന്തികമായ വിശകലനത്തിൽ കവിത ജീവിത വിമർശനമാകുന്നു' എന്നു വാദിച്ചതാര്?
   - A) ടി.എസ് എലിയട്ട്
   - B) ഐ.എ. റിച്ചെഡ്സ്
   - C) മാത്യു ആർനോൾഡ്
   - D) വേഡ്സ്വർത്ത്

7. അപസർപ്പക കഥ ഏത്?
   - A) ദ്വാരക
   - B) വാസനാവികൃതി
   - C) ഉളിപിടിച്ച കൈ
   - D) കല്യാണിക്കുട്ടി

8. പാച്ചുമൂത്തതിന്റെ വ്യാകരണ ഗ്രന്ഥം
   - A) വ്യാകരണമിത്രം
   - B) കേരളഭാഷാ വ്യാകരണം
   - C) ലഘുവ്യാകരണം
   - D) ഭാഷാസുധാകരം

9. തമിഴ്സാഹിത്യത്തിൽ ഓണത്തെക്കുറിച്ചു പരാമർശമുള്ള കൃതി

A) ചിലപ്പതികാരം B) മണിമേഖല

C) മധുരൈകാഞ്ചി D) പുറനാനൂറ്

10. ഇതിഹാസ നാടകത്തിന്റെയും അസംബന്ധനാടകത്തിന്റെയും പ്രവണതകൾ സമന്വിതമാകുന്ന നാടകം.

A) കാഞ്ചനസീത B) ക്രോസ് ബെൽറ്റ്

C) 1128 ൽ ക്രൈം 27 D) ആ മനുഷ്യൻ നീ തന്നെ

11. 'ആനയും അല്പം തെലുങ്കും' ആരുടെ ഉപന്യാസ സമാഹാരം?

A) ഡോ. കെ. ഭാസ്കരൻ നായർ B) ഏ.പി. ഉദയഭാനു

C) വേളൂർ കൃഷ്ണൻകുട്ടി D) ഡോ. എസ്. കെ. നായർ

12. സ്ത്രീകൾക്കുവേണ്ടി സ്ത്രീകൾ തന്നെയാരംഭിച്ച ആദ്യത്തെ വനിതാ മാസിക

A) കേരളീയ സുഗുണ ബോധിനി B) മഹിള

C) വനിതാ മിത്രം D) ശാരദ

13. 'ജനവാദമപാർത്ഥമെന്നതി–
ന്നനഘാചാരയെനിക്കു സാക്ഷി ഞാൻ' ആരുടേതാണീ വാക്കുകൾ?

A) നളിനി B) സീത

C) ചണ്ഡാലഭിക്ഷുകി D) ലീല

14. ജോസഫ് മൂളിയൽ എഴുതിയ നോവൽ

A) പരിഷ്കാരപ്പാതി B) സൗദാമിനി

C) മീനാക്ഷി D) സുകുമാരി

15. ''പിള്ളരുകൂടിപ്പോട്ട്. നന്മയ്ക്കും തിന്മയ്ക്കും വേൾച്ചകൂറിവന്ന പോലെ വലിമയ്ക്കും എളിമയ്ക്കും ഇവളേക്കൂട്ട് ................ അമ്മാവൻ പിള്ളാരെയും കൊണ്ടു പോണം ഞാൻ എടുത്ത കുടം മാനമായ് കൊണ്ടിറക്കട്ട്'' സി.വി. രാമൻപിള്ളയുടെ ഏതു കഥാപാത്രമാണിങ്ങനെ പറയുന്നത്?

A) ത്രിപുരസുന്ദരി കുഞ്ഞമ്മ B) അരത്തമ്മപ്പിള്ളത്തങ്കച്ചി

C) സുഭദ്ര D) പവതികൊച്ചി

16. 'നമുക്കു ഗാർഹസ്ഥ്യ വഴിക്കു നേടിടാം
വിമുക്തിയെക്കാളുമഖണ്ഡമാംസുഖം'
വള്ളത്തോളിന്റെ ഏതു കാവ്യത്തിലെ വരികളാണിത്?

A) ശിഷ്യനും മകനും B) അച്ഛനും മകളും

C) നാഗില D) കൊച്ചുസീത

17. 'ഫെമിനിസ്റ്റു കഥ' ഏത്?

A) തായ്കുലം B) കുറിഞ്ഞിപ്പൂച്ച

C) ചെങ്ങന്നൂർവണ്ടി D) വെളുത്തകുഞ്ഞ്

18. ‘തെന്തനാംകോട്ട് ഹരിശ്ചന്ദ്രൻ’ ഏതു വിഭാഗത്തിൽപ്പെടുന്നു?

A) നാടകം B) ചെറുകഥ

C) പ്രഹസനം D) ചരിത്രനോവൽ

19. മലയാള ഭാഷാപരിണാമവുമായി ബന്ധപ്പെട്ട് ‘ഭാഷാസംക്രമണവാദം’ ഉന്നയിച്ചത് ആര്?

A) ഡോ.കെ.എം. ജോർജ്ജ് B) സി.എൽ. ആന്റണി

C) ഇ.വി.എൻ നമ്പൂതിരി D) ആറ്റൂർ കൃഷ്ണപ്പിഷാരടി

20. സംയോജികാവിഭക്തിയുടെ കാരകമേത്?

A) കർമ്മം B) സ്വാമി C) സാക്ഷി D) ഹേതു

21. വേണാട്ടിൽ മണ്ണാപ്പേടിയും പുലപ്പേടിയും നിറുത്തലാക്കിയ രാജാവ്?

A) ഉണ്ണിക്കേരളവർമ്മ B) ആയില്യം തിരുനാൾ

C) മാർത്താണ്ഡവർമ്മ D) സ്വാതിതിരുനാൾ

22. ‘നാടകാന്തം കവിത്വം’ എന്നുപറഞ്ഞപ്പോൾ മുണ്ടശ്ശേരി വിവക്ഷിച്ചതെന്ത്?

A) കവിത്വം സുപരീക്ഷിതമാകുന്നത് നാടക രചനയിലാണ്

B) കവിതയെഴുതി തഴക്കം വന്നിട്ടേ നാടകമെഴുതാവൂ

C) എല്ലാ കലകളുടെയും സർഗ്ഗാത്മകതത്വം നാടകീയതയാണ്.

D) നാടകമെഴുതാൻ കഴിയുന്നവരേ കവിതയെഴുതാവൂ

23. ധന്യേ മാനിനി നീ മമസദനേ
താനേ വന്നതിനാൽ ശശിവദനേ!
മന്യേ മാമതിധന്യം ഭവനേ
മദകളകളഹംസാഞ്ചിതഗമനേ

പാഞ്ചാലിയോട് ആരാണിങ്ങനെ പറഞ്ഞത്?

A) ഭീമൻ B) ദുര്യോധനൻ

C) ദുശ്ശാസനൻ D) കീചകൻ

24. ജൈനമതത്തിന്റെയും ജൈനവിജ്ഞാനത്തിന്റെയും കേന്ദ്രമായിരുന്ന ക്ഷേത്രം.

A) കിളിരൂർ ക്ഷേത്രം B) തൃക്കണ്ണാമതിലകം

C) വടക്കുന്നാഥക്ഷേത്രം D) ശ്രീമൂലവാസം

25. മറിയാമ്മാനാടകത്തിൽ ആവിഷ്കൃതമാകുന്ന സാമൂഹിക പ്രശ്നം.

A) ശൈശവ വിവാഹം B) പുരുഷാധിപത്യം

C) ദാരിദ്ര്യം D) അമ്മായിയമ്മപ്പോര്

26. ‘ഓഫ് വീഡൻ സേഹർ’ ഏതു വിഭാഗത്തിൽപ്പെട്ട കൃതി?

A) നോവൽ B) യാത്രാവിവരണം

C) ആത്മകഥ D) ദേശചരിത്രം

27. വാക്കുകൾ എഴുത്താണിത്തുമ്പിൽ
നാക്കു തുറിച്ചു ചാകുമ്പോൾ
മരിക്കുന്നു, മകനേ, മറ്റൊന്നും;
സ്വാതന്ത്ര്യം, എന്റെയും നിന്റെയും. ആരുടെ കവിത?

A) അയ്യപ്പപ്പണിക്കർ
B) വീരാൻ കുട്ടി
C) എം. ഗോവിന്ദൻ
D) കാവാലം നാരായണപ്പണിക്കർ

28. 'നരനായും പറവയായും' ആരുടെ കഥാസമാഹാരം?

A) സന്തോഷ് ഏച്ചിക്കാനം
B) ബി. മുരളി
C) സിതാര
D) വിനു എബ്രഹാം

29. പ്രാകൃത കക്ഷ്യയിൽപ്പെട്ട ഭാഷ?

A) ഇംഗ്ലീഷ്
B) ജർമ്മൻ
C) ചൈനീസ്
D) ഇറ്റാലിയൻ

30. ''നമ്മുടെ മദറിന് കൂടുതലാണെന്നറിഞ്ഞു. പക്ഷേ, ഇവിടെ ഇപ്പോൾ ചാറ്റൽ മഴയാണ്. അമേരിക്കൻ ചാറ്റൽ മഴയെപ്പറ്റി നിനക്കറിഞ്ഞുകൂടല്ലോ. ചാറ്റൽമഴ കാരണം നാട്ടിലേയ്ക്കു വരാൻ പറ്റുകയില്ല. അതുകൊണ്ട് മദറിന്റെ അവസാന നിമിഷങ്ങൾ വീഡിയോ എടുത്ത് അയച്ചു തരണം'' ഏതു കവിയുടേതാണ് ഈ വരികൾ?

A) ആറ്റൂർ രവിവർമ്മ
B) ചെമ്മനം ചാക്കോ
C) അയ്യപ്പപ്പണിക്കർ
D) ഡി. വിനയചന്ദ്രൻ

31. ശരിയായ ഗണമേത്?

A) മാർത്താണ്ഡവർമ്മ, അക്ബർ, ജനകഥ, കേരളസിംഹം
B) അക്ബർ, പറങ്കിപ്പടയാളി, മാർത്താണ്ഡവർമ്മ, ഭൂതരായർ
C) അക്ബർ, പറങ്കിപ്പടയാളി, മാർത്താണ്ഡവർമ്മ, ഒരു ദേശത്തിന്റെ കഥ
D) ഭാസ്കരമേനോൻ, അക്ബർ, പറങ്കിപ്പടയാളി, ഭൂതരായർ

32. 'മറക്കും' ഏട്ടത്തി പറഞ്ഞു 'ഇതു കർമ്മപരമ്പരയുടെ സ്നേഹരഹിതമായ കഥയാണ്. ഇതിൽ അകൽച്ചയും ദു:ഖവും മാത്രമേയുള്ളു' ഏതു നോവലിലെ പരാമർശം?

A) ഖസാക്കിന്റെ ഇതിഹാസം
B) ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു
C) അജ്ഞതയുടെ താഴ്വര
D) നവഗ്രഹങ്ങളുടെ തടവറ

33. വിലാപ കാവ്യമേത്?
   A) വിശ്വരൂപം
   B) ചരിത്രത്തിന്റെ കിനാവുകൾ
   C) പറവകളുടെ വിലാപം
   D) തിലോദകം

34. ഓരോന്നിലും പതിനാറുമാത്രയുള്ള രണ്ടുഖണ്ഡം ചേർന്ന നാലുപാദം അടങ്ങിയ വൃത്തം
   A) തരംഗണി   B) പഞ്ചചാമരം
   C) നിരണംവൃത്തം   D) കേക

35. ''നിരൂപകൻ ഒരിയ്ക്കലും വിധി കർത്താവാകലില്ല. അയാൾ ഒരഭിഭാഷകൻ മാത്രമാണ്. നിരൂപകന്റെ സ്വന്തം പക്ഷപാതത്തെ ആവിഷ്കരിക്കാനല്ലാതെകണ്ട് ഒരു നിരൂപണവുമില്ല''ആരാണ് ഇങ്ങനെ വാദിച്ചത്?
   A) ജോസഫ് മുണ്ടശ്ശേരി
   B) കേസരി ബാലകൃഷ്ണപിള്ള
   C) കുട്ടിക്കൃഷ്ണമാരാർ
   D) എം.പി. പോൾ

36. രാഷ്ട്രീയ കഥയേത്?
   A) ഗരുഡൻ തൂക്കം   B) ടൈഗർ
   C) 56 സത്രഗലി   D) കത്തുന്ന ഒരു രഥചക്രം

37. 'തടിച്ചി' ഭേദകങ്ങളുടെ ഏതു വിഭാഗത്തിൽ വരും?
   A) വിഭാവകം   B) സാർവനാമികം
   C) ശുദ്ധം   D) സാംഖ്യം

38. The History of Grammatical Theories in Malayalam എഴുതിയതാര്?
   A) ഫ്രോൺ മേയർ   B) എൽ.വി. രാമസ്വാമി അയ്യർ
   C) ഡോ. കെ.എൻ. എഴുത്തച്ഛൻ   D) റോബർട്ട് കാൽഡ്വൽ

39. മാമ്പള്ളി ശാസനം ആരുടേത്?
   A) വല്ലഭൻ കോത   B) ഇന്ദുക്കോത വർമ്മ
   C) കോത രവിവർമ്മ   D) ഭാസ്കര രവിവർമ്മ

40. ഏകാദശീ വ്രതത്തിന്റെ മാഹാത്മ്യം വ്യക്തമാക്കുന്ന പ്രാചീന ഗദ്യകൃതി?
   A) ബ്രഹ്മാണ്ഡപുരാണം   B) ദൂതവാക്യം
   C) മന്ത്രാങ്കം   D) അംബരീഷോപാഖ്യാനം

41. ഞാനിതൊന്റുതുനിയിന്റതിനെൻ മാനതമെന്നും
നാളതാർതന്നിൽ നിരന്തരമിരുന്തരുൾ തെളി–
ന്തൂന മറ്ററിവെനക്കു വന്നുതിക്കും വണ്ണമേ
ഊഴിയേഴിലും നിറൈന്തമറഞാന പൊരുളേ

ഈ പ്രാർത്ഥനയോടെ ആരംഭിക്കുന്ന കാവ്യമേത്?

A) ഉണ്ണുനീലി സന്ദേശം B) കണ്ണശ്ശരാമായണം
C) രാമചരിതം D) ഉണ്ണിയാടീ ചരിതം

42. 'വാക്കുകളുടെ അനിയന്ത്രിതമായ അർത്ഥ നിർമ്മാണ ലീല'യെക്കുറിച്ച് പറഞ്ഞതാര്?

A) ഗ്രീൻബ്ലാറ്റ് B) സൊസൂർ C) ഫൂക്കോ D) ദറിദ

43. 'മറിയാമ്മ തുണ്ടത്തിൽ' ഏതു കഥയിലെ നായികയാണ്?

A) ജോസച്ചായന്റെ കഥ (എന്റെയും)
B) കണ്ണീർ തിളങ്ങുന്ന ഒരു വഴി
C) ഗ്ലോറിയ
D) അതാ നോക്കൂ ഒരു പല്ലി

44. സ്ത്രീകളും പുരുഷന്മാരും കൂടിയുണ്ടാകുന്ന ബഹുത്വത്തെക്കുറിക്കാനുള്ള അലിംഗ ബഹുവചന പ്രത്യയം ഏത്?

A) മാർ B) കൾ C) അർ D) അം

45. ശുചീന്ദ്രം കൈമുക്ക് നിറുത്തലാക്കിയ രാജാവ്?

A) ആയില്യം തിരുനാൾ B) മൂലം തിരുനാൾ
C) സ്വാതിതിരുനാൾ D) വിശാഖം തിരുനാൾ

46. പ്രതിഭയെ കാരയത്രിയെന്നും ഭാവയത്രിയെന്നും വ്യവച്ഛേദിച്ചത് ആര്?

A) രാജശേഖരൻ B) ആനന്ദവർദ്ധനൻ
C) ഭരതമുനി D) മമ്മടൻ

47. സ്വഭാവോക്തി ഒരലങ്കാരമല്ലെന്ന് സ്ഥാപിച്ചത്?

A) രുയ്യകൻ B) ഭരതമുനി C) ദണ്ഡി D) കുന്തകൻ

48. വ്യക്തിമനസ്സിന്റെ സങ്കീർണ്ണത അപഗ്രഥിക്കുന്ന നോവൽ?

A) കണ്ണാടി B) വിഷകന്യക C) മിണ്ടാപ്പെണ്ണ് D) ചുണ്ടെലി

49. ചതുരന്ത്യം ആരുടെ കൃതി?

A) അർണ്ണോസ് പാതിരി B) പ്രവിത്താനം ദേവസ്യ
C) പുത്തൻകാവ് മാത്തൻ തരകൻ D) കെ.വി. സൈമൺ

50. അകാരാദി ക്രമത്തിൽ ശ്ലോകങ്ങൾ ആരംഭിക്കുന്ന കാവ്യം.

A) കുണ്ഡലിനിപ്പാട്ട് B) ഏകാദശി മാഹാത്മ്യം

C) പാണ്ഡവശങ്കരം D) ഹരിനാമകീർത്തനം

51. കേരളത്തിലെ ആദ്യത്തെ കോളേജ് മാഗസിൻ
A) സന്ദിഷ്ടവാദി B) പശ്ചിമോദയം
C) വിദ്യാസംഗ്രഹം D) ജ്ഞാനനിക്ഷേപം

52. നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ
നരകവാരിധി നടുവിൽ ഞാൻ
നരകത്തീന്നെന്നെ കരകേറ്റീടണം
തിരുവൈക്കം വാഴും ശിവശംഭോ. പൂന്താനത്തിന്റെ ഏതു കാവ്യത്തിലെ വരികളാണിത്?

A) ജ്ഞാനപ്പാന B) ഭാഷാകർണ്ണാമൃതം
C) നാരായണകീർത്തനം D) പഞ്ചാക്ഷരകീർത്തനം

53. ആർകലി എന്ന പ്രാചീന പദത്തിന്റെ അർത്ഥം
A) ഭൂമി B) സമുദ്രം C) പുഴ D) സ്വർഗ്ഗം

54. അഴക്കുമായിരവുമമ്പതുമയ്യഴക്കും
മൂഴക്കുമൊക്കെമുകുള സ്തനി, കൊള്ളവേണം
കൈത്തോടു, തോടു, മറുചാൽ മഴപെയ്തവെള്ളം
കൂടിക്കണാ നിറവിതംബുരുഹാക്ഷി സിന്ധു: ഏതു കാവ്യത്തിലേത്?

A) വൈശികതന്ത്രം B) കൃഷ്ണഗാഥ
C) മാരലേഖാമലർബാണകേളി D) ഉണ്ണിച്ചിരുതേവീചരിതം

55. തച്ചനക്കര ഗ്രാമത്തെ കേന്ദ്രിതമാക്കി എഴുതിയ നോവൽ
A) പുലയപ്പാട്ട് B) മനുഷ്യന് ഒരു ആമുഖം
C) അപഹരിക്കപ്പെട്ട ദൈവങ്ങൾ D) ഒരു ദേശത്തിന്റെ കഥ

56. കിളിപ്പാട്ടു വൃത്തങ്ങളിൽപ്പെടാത്ത വൃത്തം?
A) കാകളി B) കളകാഞ്ചി C) നതോന്നത D) അന്നനട

57. സരസ്വതിയമ്മയുടെ കഥയേത്?
A) ഭ്രാന്തൻ പൂക്കൾ B) ഒറ്റമുലച്ചി
C) കോഫി ഹൗസ് D) ചോലമരങ്ങൾ

58. കൈരളീ ശാസ്ത്രാനുശാസനം എഴുതിയതാര്?
A) കെ. സുകുമാരപിള്ള B) ഫാദർ ജോൺ കുന്നപ്പള്ളി
C) സി.വി. വാസുദേവഭട്ടതിരി D) എസ്.വി. ഷൺമുഖം

59. ‘മൂപ്പൻ’ ഏതു തദ്ധിതം?
A) നാമനിർമ്മായി B) പൂരണി
C) തന്മാത്ര D) തദ്വത്ത്

60. ഭാഷാകൗടലീയത്തെക്കുറിച്ചുള്ള ഇളംകുളത്തിന്റെ പഠനം ഏതുപുസ്തകത്തിലാണുള്ളത്?
   A) സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ
   B) കേരള ഭാഷയുടെ വികാസ പരിണാമങ്ങൾ
   C) കേരള ചരിത്ര പ്രശ്നങ്ങൾ
   D) കേരള ചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ

61. 'ഏതിലയും മധുരിക്കുന്ന കാടുകളിൽ' ഏതുവിഭാഗത്തിൽപ്പെട്ട കൃതി?
   A) കവിത
   B) ചെറുകഥ
   C) സഞ്ചാര സാഹിത്യം
   D) സാഹിത്യ നിരൂപണം

62. അന്നു കാൽനടക്കാരായ
ഭക്തജനങ്ങളെ കാണാൻ
ദേശവലത്തിനിറങ്ങാറുള്ളവനെ
ജെറ്റ് വിമാനവേഗത്തിൽ
വന്നുകണ്ടു.
തിരിച്ചു പോകുന്നു
ഇന്നു ഭക്തജനങ്ങൾ. ആരുടെ വരികൾ?
   A) സച്ചിദാനന്ദൻ
   B) ആറ്റൂർ രവിവർമ്മ
   C) എസ്. ജോസഫ്
   D) ദേശമംഗലം രാമകൃഷ്ണൻ

63. ആനന്ദ വർദ്ധനാചാര്യരുടെ ധ്വനിവാദത്തെ തിരസ്കരിച്ച പണ്ഡിതൻ
   A) അപ്പയ്യദീക്ഷിതർ
   B) മഹിമ ഭട്ടൻ
   C) കുന്തകൻ
   D) അഭിനവഗുപ്തൻ

64. ചന്ദ്രോത്സവം രചിച്ചതാര്?
   A) ദാമോദര ചാക്യാർ
   B) പുനം നമ്പൂതിരി
   C) ശങ്കരപ്പണിക്കർ
   D) അജ്ഞാതകർതൃകം

65. ട്രാജഡിയുടെ ഏതു ഘടകത്തിനാണ് അരിസ്റ്റോട്ടിൽ പ്രാധാന്യം കല്പിച്ചത്.
   A) കഥാപാത്രം
   B) ഇതിവൃത്തം
   C) സംഗീതം
   D) ഹാമർഷ്യ

66. ഗതി ചേർന്ന വിഭക്ത്യന്തത്തിന്റെ പേര്?
   A) സമാസം
   B) മിശ്രവിഭക്തി
   C) ദ്വിവിഭക്തി
   D) വിഭക്ത്യാഭാസം

67. തെലുങ്കരും കർണ്ണാടകക്കാരും ദ്രാവിഡരല്ലെന്നു വാദിച്ച വൈയാകരണൻ?
   A) പാച്ചുമൂത്തത്
   B) ഹെർമ്മൻ ഗുണ്ടർട്ട്
   C) ശേഷഗിരിപ്രഭു
   D) ലീലാതിലകകാരൻ

68. കേരളപാണിനീയം ഇംഗ്ലീഷിലേയ്ക്കു വിവർത്തനം ചെയ്തതാര്?

A) സാഹിത്യപഞ്ചാനനൻ B) കെ.എം. ഡാനിയേൽ

C) എൻ.എൻ. മൂസത് D) ഡോ. സി. ജെ. റോയ്

69. എന്താണ് നടുകല്ല്?

A) അതിർത്തിക്കല്ല്

B) കെട്ടിടത്തിനടിസ്ഥാനമിടുമ്പോൾ ആദ്യം വയ്ക്കുന്ന കല്ല്

C) ശവമടക്കുന്ന സ്ഥലത്തു നിറുത്തുന്ന കല്ല്

D) ദൂരമടയാളപ്പെടുത്തുന്ന കല്ല്

70. സ്വദേശാഭിമാനി പത്രത്തിന്റെ ഉടമസ്ഥൻ

A) കെ. രാമകൃഷ്ണപിള്ള

B) വക്കം അബ്ദുൽ ഖാദിർ മൗലവി

C) പി. കൃഷ്ണപിള്ള

D) കെ. പി. കേശവമേനോൻ

71. ഇബ്സന്റെ 'മാസ്റ്റർ ബിൽഡർ' എന്ന നാടകം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തതാര്?

A) വയലാവാസുദേവൻ പിള്ള B) സി.ജി. ഗോപിനാഥ്

C) ജി. ശങ്കരപ്പിള്ള D) കെ. രാമചന്ദ്രൻ നായർ

72. ഞങ്ങളുടെ ഒരു ചങ്ങാതി ഈ വഴി–
വന്നിരുന്നു – നീ കണ്ടുവോ കണ്ടുവോ
എന്ന ചോദ്യപ്പൊരിയുമായ് മാത്രകൾ
ഈയ്യിരുട്ടിലേയ്ക്കെത്തലുണ്ടിപ്പൊഴും
കണ്ടില്ലെന്നേ പറഞ്ഞു ഞാനിപ്പോഴും
കണ്ണുനീരിൻ തിളക്കമാണെപ്പൊഴും – ആരുടേതാണീ വരികൾ

A) മോഹനകൃഷ്ണൻ കാലടി B) വി.എം. ഗിരിജ

C) റഫീക് അഹമ്മദ് D) ടി.പി. രാജീവൻ

73. നമ്പ്യാന്തമിഴ് മണിപ്രവാളമല്ലെന്നു പറയുന്നതെന്തുകൊണ്ട്?

A) സംസ്കൃത പ്രാതിപദികങ്ങളുടെ സമൃദ്ധി

B) ചെന്തമിഴിന്റെ സുലഭത

C) വിഭക്ത്യന്ത സംസ്കൃതപദങ്ങളുടെ അഭാവം

D) രസശൂന്യത

74. ആദിശാസനങ്ങളിൽ കാണുന്ന ഭാഷയിൽ നിന്നു വളരെ ഭിന്നമല്ലാത്ത ഒന്നായിരുന്നു കേരളത്തിലെ വ്യവഹാര ഭാഷ. അതിനു ക്രമികമായ വികാസമുണ്ടായാണ് നവീന ഭാഷാ ഗദ്യം ഉദ്ഭവിച്ചത്. ആരുടെ നിലപാടാണിത്?

A) ഡോ. ഗോദവർമ്മ B) ഡോ. കെ.എം. ജോർജ്ജ്

C) ഇളംകുളം കുഞ്ഞൻപിള്ള D) ഏ.സി. ശേഖർ

75. ഈ ചരിഞ്ഞ ഭൂമിയിൽ
എല്ലാം ചരിഞ്ഞിരിക്കുമ്പോൾ
എന്തിനാണ്
ഞാൻ മാത്രം നേരേ ഇരിക്കുന്നത്? ആരുടെ വരികളാണിത്?
A) റോസ് മേരി B) സാവിത്രി രാജീവൻ
C) വിജയലക്ഷ്മി D) റോസി തമ്പി

76. രചനയുടെ കാലക്രമമനുസരിച്ച് ശരിയേത്?
A) ആസന്നമരണ ചിന്താശതകം, മലയവിലാസം, വീണപൂവ്, സുബ്രഹ്മണ്യൻ പോറ്റിയുടെ ഒരു വിലാപം
B) ആസന്നമരണ ചിന്താശതകം, മലയവിലാസം, സുബ്രഹ്മണ്യൻ പോറ്റിയുടെ ഒരു വിലാപം, വീണപൂവ്
C) മലയവിലാസം, ആസന്നമരണ ചിന്താശതകം, സുബ്രഹ്മണ്യൻ പോറ്റിയുടെ ഒരു വിലാപം, വീണപൂവ്
D) മലയവിലാസം, ആസന്നമരണ ചിന്താശതകം, വീണപൂവ്, സുബ്രഹ്മണ്യൻ പോറ്റിയുടെ ഒരു വിലാപം

77. ‘‘ അങ്ങനെ ഇബ്സന്റെ നാടക സമ്പ്രദായത്തെ അധ്യാഹരിക്കുന്നു എന്ന ബോധത്തോടെ മലയാള നാടകം അനുസരിക്കാൻ ഉത്സുകമായത് സുഘടിത നാടക സങ്കല്പത്തെയായിരുന്നു’’

ആരാണ് ഈ വാദമുന്നയിച്ചത്?
A) കെ. അയ്യപ്പപ്പണിക്കർ B) നരേന്ദ്രപ്രസാദ്
C) ജി. ശങ്കരപ്പിള്ള D) എൻ. കൃഷ്ണപിള്ള

78. ഇന്ത്യാഗേറ്റ് ആരുടെ കവിതാസമാഹാരം?
A) ദേശമംഗലം രാമകൃഷ്ണൻ B) റഫീക് അഹമ്മദ്
C) എം.ആർ. രേണുകുമാർ D) പവിത്രൻ തീക്കുനി

79. സത്യവാദഖേടം ആരെഴുതിയ പ്രബന്ധം?
A) റവ. ജോസഫ് പിറ്റ്
B) ചിദംബര വാദ്ധ്യാർ
C) റവ. ജോർജ്ജ് മാത്തൻ
D) കേരളവർമ്മ വലിയകോയിത്തമ്പുരാൻ

80. എല്ലാ കാലുകളിലും കൊടുങ്കാറ്റ്
ആവേശിക്കുന്നതുവരെ
എല്ലാകടലുകളെയും
കറുപ്പ് വിഴുങ്ങുന്നതുവരെ
ഞങ്ങൾ ഉറങ്ങുന്നില്ല, ഏതു ഭാവുകത്വത്തിന്റെ സൃഷ്ടിയാണ് ഈ വരികൾ?

A) കാല്പനികം B) ക്ലാസിക്കൽ

C) ഫെമിനിസ്റ്റ് D) ദളിതിസ്റ്റ്

81. 'നവയുഗ ശില്പി രാജരാജവർമ്മ' ഈ കൃതി രചിച്ചതാര്?
A) മുണ്ടശ്ശേരി B) പി.വി. വേലായുധൻ പിള്ള
C) പന്മന രാമചന്ദ്രൻ നായർ D) പി.കെ. പരമേശ്വരൻ നായർ

82. മലയാളത്തിലെ അതിപ്രശസ്തനായ ജീവചരിത്രകാരൻ
A) ഹരീന്ദ്രനാഥക്കുറുപ്പ് B) കോന്നിയൂർ നരേന്ദ്രനാഥ്
C) പി.കെ. പരമേശ്വരൻ നായർ D) ജോർജ്ജ് ഓണക്കൂർ

83. 'നാലുപേരിലൊരുത്തൻ' ഷേക്സ്പിയറിന്റെ ഏതു നാടകത്തിന്റെ വിവർത്തനമാണ്?
A) കോമഡി ഓഫ് എറേഴ്സ് B) മിഡ്സമ്മർനൈറ്റ്സ് ഡ്രീം
C) ഒഥല്ലോ D) മർച്ചന്റ് ഓഫ് വെനീസ്

84. കോട്ടയത്ത് സി.എം.എസ്. പ്രസ്സ് സ്ഥാപിച്ച വർഷം
A) 1821 B) 1812 C) 1822 D) 1811

85. തന്ത്രസമുച്ചയം ഏതു വിദ്യാവിഭാഗവുമായി ബന്ധപ്പെട്ട കൃതി?
A) ചിത്രകല B) സംഗീതം
C) ജ്യോതിഷം D) വാസ്തുശില്പം

86. കൂട്ടുകവിതയ്ക്കുദാഹരണം
A) തുപ്പൽ കോളാമ്പി B) പാക്കനാർ
C) തങ്കമ്മ D) ദൈവയോഗം

87. 'നമ്മളൊന്ന്' ആരുടെ നാടകം
A) ടി.എൻ. ഗോപിനാഥൻ നായർ B) സി.എൽ. ജോസ്
C) കെ. ദാമോദരൻ D) ചെറുകാട്

88. മാനാതീത പ്രഥിതകലരും ബോട്ടുതണ്ടും പിടിച്ച–
ന്യൂനാടോപത്തോടു വിപുലമാംകായൽ താണ്ടുന്ന കണ്ടാൽ
മൈനാകം തൻ ചിറകുകൾ വിരിച്ചാശുവാരാശിമദ്ധ്യേ–
സ്ഥാനാദുർവ്വീമണവതിനൊരുമ്പെട്ടിടുന്നെന്നു തോന്നും. അലങ്കാരമേത്?
A) ദൃഷ്ടാന്തം B) ഉപമ
C) ഉത്പ്രേക്ഷ D) നിദർശന

89. തുടർന്നിതു ജനനിയാൾ മനം നൊന്തു:"കടം കൊണ്ട
കുടത്തിന്റെ വിലയിന്നു കൊടുക്കണം നീ
നൊടിയിടകൊണ്ടു, നമ്മളറിയാതെയൊരു ദിനം
ഉടഞ്ഞുപോം കുടം: കടമവശേഷിക്കും." ഏതു കവിയുടെ വരികളാണിത്?

A) പി. കുഞ്ഞിരാമൻ നായർ B) ജി. ശങ്കരക്കുറുപ്പ്
C) വൈലോപ്പിള്ളി D) പാലാ നാരായണൻ നായർ

90. ലീലാതിലകത്തിലെ കൂന്തൽ വാദം സമർത്ഥിക്കാൻ ശ്രമിക്കുന്നതെന്താണ്?
    A) മലയാളം സംസ്കൃതത്തിൽ നിന്നാവിർഭവിച്ചതാണ്
    B) മലയാളം തമിഴിനോട് ദാസ്യപ്പെട്ടിരിക്കുന്നു
    C) മലയാളം ഒരു മിശ്ര ഭാഷയാണ്
    D) മലയാളം സ്വതന്ത്രമായ ഭാഷയാണ്

91. മലയായ്മയുടെ വ്യാകരണം വ്യത്യസ്തമാകുന്നതെങ്ങനെ?
    A) ലിഖിത ഭാഷയുടെ വ്യാകരണം
    B) പാതിരി മലയാളത്തിന്റെ വ്യാകരണം
    C) പാശ്ചാത്യ ഭാഷാശാസ്ത്രത്തിന്റെ പ്രഭാവമുള്ള വ്യാകരണം
    D) മിഷണറിമാർക്കുവേണ്ടി തയാറാക്കിയ കൈപ്പുസ്തകം

92. തിരുവനന്തപുരത്ത് ഒരു സമ്പൂർണ്ണ ആർട്ട്സ് കോളേജ് സ്ഥാപിതമായ വർഷം
    A) 1866    B) 1856
    C) 1876    D) 1846

93. ഭാഷാപോഷിണി സഭയുടെ സ്ഥിരം കാര്യദർശി ആരായിരുന്നു?
    A) കേരളവർമ്മ വലിയകോയിത്തമ്പുരാൻ
    B) അപ്പൻ തമ്പുരാൻ
    C) കണ്ടത്തിൽ വറുഗീസ് മാപ്പിള
    D) കെ.പി. നാരായണപ്പിഷാരടി

94. മലയാള മഹാനിഘണ്ടുവിന്റെ അവതാരിക എഴുതിയതാര്?
    A) ഡോ. ബി.സി. ബാലകൃഷ്ണൻ    B) പി.സി. ദേവസ്യ
    C) സോമശേഖരൻ നായർ    D) ശൂരനാട്ട് കുഞ്ഞൻപിള്ള

95. 'സഹോദരൻ കെ. അയ്യപ്പൻ' ഈ ജീവചരിത്രമെഴുതിയതാര്?
    A) എം.കെ. സാനു
    B) എഴുമറ്റൂർ രാജരാജവർമ്മ
    C) പി.കെ. പരമേശ്വരൻ നായർ
    D) വിജയാലയം ജയകുമാർ

96. അറിവേ ദു:ഖം, നിനവേ ദു:ഖം–
അതറിവതും
അറിയാതിരുളിൽ പൂണ്ടുരുളുന്നതു
മൊരുപോൽ ദു:ഖം ആരുടെ വരികൾ?

    A) കെ.ജി. ശങ്കരപ്പിള്ള
    B) വി.എം.ഗിരിജ
    C) സച്ചിദാനന്ദൻ

D) നീലംപേരൂർ മധുസൂദനൻ നായർ

97. കംസനെ കൃഷ്ണൻ വധിച്ച കഥ, കവി
കണ്ട പകൽക്കിനാവൊന്നു മാത്രം;
കൃഷ്ണനെക്കംസൻ വധിപ്പതെന്നും നമ്മൾ
കാണും കഠോരമാം സത്യമത്രേ! ആരുടേതാണീ ജീവിത നിരീക്ഷണം?

A) സുഗതകുമാരി B) ഒ.എൻ.വി കുറുപ്പ്
C) എൻ.വി. കൃഷ്ണവാര്യർ D) പി. നാരായണക്കുറുപ്പ്

98. ''സർഗ്ഗപ്രവർത്തനത്തിൽ കവിമനസ്സ് വെറുമൊരു രാസത്വരകത്തിന്റെ പങ്കാണ് നിർവ്വഹിക്കുന്നത്.'' ആരാണിങ്ങനെവാദിച്ചത്?
A) കോളറിഡ്ജ് B) റ്റി.എസ്. എലിയട്ട്
C) ഓസ്കാർ വൈൽഡ് D) ബനഡിറ്റോ ക്രോച്ചേ

99. 'സി.വി.രാമൻപിള്ളയുടെ നോവലുകളിലെ ആഖ്യാനഭാഷ ഇരുമ്പുകൂടം പോലെ അഭേദകമാണ്' എന്ന് നിരീക്ഷിച്ചതാര്?
A) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
B) എം.പി പോൾ
C) എൻ.കൃഷ്ണപിള്ള
D) ഡോ.കെ.ഭാസ്ക്കരൻ നായർ

100. ഇപ്പാഴുപാട്ടാമെളിയവിജ്ഞാപനം
മുല്പാടുവച്ചുവണങ്ങിടുന്നേൻ–കുമാരനാശാന്റെ ഏതു കാവ്യമാണിങ്ങനെ അവസാനിക്കുന്നത്.
A) നളിനി B) വീണപൂവ്
C) ദുരവസ്ഥ D) ലീല

101. പരാനപേക്ഷംപ്രാണിക്കമരാൻ
പഴുതില്ലൊരിടത്തും
പരൻ പുമാനും പ്രകൃതിസഹായൻ
പ്രപഞ്ച ഘടനത്തിൽ
ഉള്ളൂരിന്റെ ഏതു കാവ്യത്തിലെ ഈരടിയാണിത്

A) പിങ്ഗള B) കർണ്ണഭൂഷണം
C) പ്രേമസംഗീതം D) വിചാരധാര

102. മലയാളത്തിലെ ആദ്യത്തെ മഹാഭാരത കാവ്യം
A) ഭാരതഗാഥ B) ഭാരതമാല
C) ഭാരതം ചമ്പു D) ഭാരതം കിളിപ്പാട്ട്

103. ഇംഗ്ലീഷ് കവിതകളുടെ രീതിയിൽ സ്വാനുഭവത്തെ ചിത്രീകരിച്ച് കൊണ്ടുള്ള ആത്മനിഷ്ഠമായ കവിതയാണ്.

A) മലയവിലാസം B) തുപ്പൽകോളാമ്പി
C) ദൈവയോഗം D) ചിന്താരത്നം

104. 'നിരൂപണസാഹ്യ'മെഴുതിയത് ആര്?
A) ഏ.ആർ രാജരാജവർമ്മ
B) പി.വി. വേലായുധൻ പിള്ള
C) നെല്ലിക്കൽ മുരളീധരൻ
D) എസ്. കെ. വസന്തൻ

105. കവരങ്ങളായ് പിരിയുമെൻ
ചോദ്യങ്ങൾ തൻകൊമ്പ്
ഞാനുരസിയോകിനാ
വസ്തമിക്കാത്തനിൻകണ്ണിൽ

പാഠാന്തരബന്ധത്തിലൂടെ ഈ ബിബചിത്രം അനുസ്മരിപ്പിക്കുന്നത് ഏതു നാടകത്തെ?

A) ശാകുന്തളം B) സ്വപ്നവാസവദത്തം
C) വിക്രമോർവശീയം D) ഉത്തരരാമായണം

106. ''ഒന്നിനും കഴിവില്ലെങ്കിൽ ഈ ഗ്രാമത്തിന്റെ
ഹൃദയം പോലെ നാമും ചീയും
നമ്മുടെ ജഡത്തിന്റെ ചീഞ്ഞനാറ്റം നമ്മുടെ
നാസാപുടങ്ങളിൽത്തന്നെമുട്ടയിടും''

കടമ്മനിട്ടയുടെ ഏതു കവിതയിലെ വരികളാണിത്?
A) പുഴുങ്ങിയമുട്ടകൾ B) മത്തങ്ങ
C) ശാന്ത D) കണ്ണർക്കോട്ട

107. സങ്കല്പസംഗമസുഖാനുഭവസ്യനാഹം
ഭംഗംകരോമിസമയേസമയേസമേത്യ
സഞ്ചിന്ത്യമാനമിവതൗസദയംവിഹായ
നിദ്രാജഗാമനിപുണേവസഖീസകാശാത്

ആരുടെ അനുഭവമാണ് ഈ വരികളിൽ വ്യക്തമാക്കുന്നത്
A) ദമയന്തി B) ശകുന്തള C) സീത D) സുഭദ്ര

108. ഹാ! വിജിഗീഷുമൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ.
വൈലോപ്പിള്ളിയുടെ ഏതു കവിതയിലെ വരികളാണ്?
A) കന്നിക്കൊയ്ത്ത് B) ഓണപ്പാട്ടുകാർ
C) പന്തങ്ങൾ D) കണ്ണീർപ്പാടം

109. അശ്വതി തിരുനാളിന്റെ ആട്ടക്കഥയേത്?
A) രാവണവിജയം B) പൂതനാമോക്ഷം

C) കീചകവധം D) ഉത്തരാസ്വയംവരം

110. കേളാതതെല്ലാമേചൊല്ലിത്തുടങ്ങീതെ
മേളത്തിൽ നമ്മുടെ ശാരികതാൻ
ശാരികപ്പൈതൽക്കു കാർവർണ്ണൻ തന്നിലേ
മാരമാലുണ്ടായിതെന്നേ വേണ്ടൂ

കൃഷ്ണഗാഥയിലെ ഏതുഭാഗത്തുള്ളതാണ് ഈ വരികൾ

A) രുക്മിണീസ്വയംവരം B) സുഭദ്രാഹരണം
C) ഹേമന്തലീല D) രാസക്രീഡ

111. 'ഉയരുന്ന യവനിക' ആരുടെ പുസ്തകം?

A) എൻ.എൻ പിള്ള B) ടി.എൻ. ഗോപിനാഥൻ നായർ
C) കാവാലം നാരായണപ്പണിക്കർ D) സി.ജെ തോമസ്

112. 'താരാവദാതരുചി താരാൽ നിറഞ്ഞമഹിതാരാമവാടികളിലെങ്ങും' എന്നാരംഭിക്കുന്ന ദണ്ഡകം ഏതു കാവ്യത്തിലേത്?

A) ഉണ്ണിയാടീചരിതം B) ഉണ്ണിച്ചിരുതേവീചരിതം
C) രാമായണം ചമ്പു D) നൈഷധം ചമ്പു

113. മലയാള ഭാഷയിലെ പുരുഷഭേദനിരാസം ഒരു നിരാസമല്ല അഭാവമാണെന്നുവാദിച്ചത്

A) ഇളംകുളം കുഞ്ഞൻപിള്ള B) ഹെർമ്മൻ ഗുണ്ടർട്ട്
C) എൽ.വി.രാമസ്വാമിഅയ്യർ D) ഡോ.കെ.എം. ജോർജ്ജ്

114. കാലം, പ്രകാശം, പുരുഷൻ, ഇത്യാദികളായ ഉപാധികളൊന്നുമില്ലാതെ കേവലമായ ക്രിയയെ കുറിക്കുന്ന വിനയെച്ചമേത്?

A) തൻവിനയെച്ചം B) മുൻവിനയെച്ചം
C) നടുവിനയെച്ചം D) പാക്ഷികവിനയെച്ചം

115. കൂർഗ് ഏതു ഭാഷാഗോത്രത്തിൽപ്പെടുന്നു?

A) ഇൻഡോ ആര്യൻ B) ദ്രാവിഡം
C) സെമിറ്റിക് D) ബാണ്ടു

116. മഹാഭാരതം ഉദ്യോഗപർവ്വത്തിലെ ഭഗവത് ദൂത് പ്രതിപാദ്യമാകുന്ന നമ്പ്യാന്തമിഴ് കൃതി

A) അംബരീഷോപാഖ്യാനം B) ബ്രഹ്മാണ്ഡപുരാണം
C) ദൂതവാക്യം D) ദേവീമാഹാത്മ്യം

117. നളചരിതസാരശോധന – ആരാണിതെഴുതിയത്?

A) കൈക്കുളങ്ങര രാമവാര്യർ
B) മഴമംഗലത്തുശങ്കരൻ നമ്പൂതിരി

C) ഡോ.ഹെർമ്മൻ ഗുണ്ടർട്ട്
D) രാമപ്പണിക്കർ

118. അച്ചടിക്ക് മിഷണറിമാർ ഉപയോഗിച്ചിരുന്ന ലിപി
A) വട്ടെഴുത്ത് B) മലയാണ്മ
C) കോലെഴുത്ത് D) ആര്യ എഴുത്ത്

119. മലയാളത്തിൽ അച്ചടിക്കനുയോജ്യമാം വിധം ലിപി പരിഷ്കരിക്കുന്നതിന് ആദ്യം ശ്രമിച്ചതാര്?
A) ഹെർമ്മൻ ഗുണ്ടർട്ട് B) ക്ലെമന്റ് പിയാനൂസ്
C) ബഞ്ചമിൻ ബെയ്‌ലി D) കണ്ടത്തിൽ വർഗ്ഗീസ്മാപ്പിള

120. അർണ്ണോസ് പാതിരിയുടെ 'കൂതാശപ്പാന' ആദ്യമായി എഡിറ്റ് ചെയ്തു പ്രസിദ്ധീകരിച്ചതാര്?
A) ഉള്ളൂർ B) ഇളംകുളം
C) ഡോ.കെ. രാഘവൻപിള്ള D) ഡോ.സ്കറിയ സക്കറിയ